# പതിനഞ്ചാം കേരളനിയമസഭ
# പത്താം സമ്മേളനം

## ബഹു. സ്പീക്കറുടെ റൂളിംഗ്
01-02-2024

### നിയമനിർമ്മാണം

### (i) ബില്ലിലെ അപാകത

2024 ഫെബ്രുവരി 1-ാംം തീയതി , 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിന്റെ അവതരണവേളയിൽ ബില്ലിലെ മൂലനിയമത്തിലെ 337-ാംം വകുപ്പിനുപകരമുള്ള പുതിയ വകുപ്പിൽ മറ്റൊരു നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതിനേക്കാൾ കുറഞ്ഞ ശിക്ഷ നിർദ്ദേശിക്കുന്നത് ക്രമപ്രകാരമാണോയെന്ന് പരിശോധിക്കണമെന്ന് പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

### (ii) ബില്ലിലെ അപാകത

2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിന്റെ അവതരണവേളയിൽ ബില്ലിലെ ക്ലോസ് 6 പ്രകാരം പുതിയതായി ചേർക്കുന്ന വകുപ്പ് 219 എഡി 5-ൽ പറഞ്ഞിരിക്കുന്ന യൂസർ ഫീസ് അടച്ചില്ലെങ്കിൽ നടപടി സ്വീകരിക്കുന്നതിനുപകരം പഞ്ചായത്തിൽനിന്ന് യാതൊരു സേവനവും നൽകില്ലെന്ന വ്യവസ്ഥ ഭരണഘടനയിലെ ആർട്ടിക്കിൾ 21-ന്റെ ലംഘനമാണെന്നും അത് നീക്കം ചെയ്യണമെന്നും പ്രതിപക്ഷനേതാവ് ക്രമപ്രശ്നം ഉന്നയിക്കുകയുണ്ടായി.

2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിലെ ശിക്ഷാ വ്യവസ്ഥ സംബന്ധിച്ച് വിഷയനിർണ്ണയ സമിതിയിലും സഭയിലും വിശദമായി ചർച്ച ചെയ്യാവുന്നതാണെന്നും ഒരു നിയമത്തിലെ ശിക്ഷാ വ്യവസ്ഥയെ ലഘൂകരിക്കാനോ അതിന് വിരുദ്ധമായ വ്യവസ്ഥ കൊണ്ടുവരാനോ ഉദ്ദേശിച്ചുകൊണ്ടല്ല ടി ഭേദഗതി കൊണ്ടുവന്നിരിക്കുന്നതെന്നും 2024-ലെ

കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിൽ 219 എഡി (5)-ൽ പറയുന്ന വ്യവസ്ഥയിലൂടെ യൂസർ ഫീസ് നിർബന്ധിതമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നും ബില്ലുകളുടെ ഉദ്ദേശ്യശുദ്ധിയുടെ അടിസ്ഥാനത്തിൽ തടസ്സവാദം നിലനിൽക്കുന്നതല്ലെന്നും തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി[+].

"2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിലെ ഖണ്ഡം 6 പ്രകാരം മൂലനിയമത്തിൽ കൂട്ടിച്ചേർക്കുന്ന വകുപ്പ് 219 എഡി (5)-ന്റെ ഭരണഘടനാ സാധുതയും 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിലെ ഖണ്ഡം 15 പ്രകാരം മൂലനിയമത്തിൽ പകരം ചേർക്കുന്ന 337-ാം വകുപ്പിന്റെ സാധുതയും സംബന്ധിച്ച് ഉന്നയിക്കപ്പെട്ട തടസ്സവാദങ്ങളും വകുപ്പുമന്ത്രിയുടെ വിശദീകരണവും പരിശോധിച്ചു.

ബില്ലിന്റെ ഉള്ളടക്കവുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന നിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റി വിശദമായി പരിശോധിക്കുമെന്ന് കരുതുന്നു. ക്രമപ്രശ്നങ്ങളിലൂടെ ബില്ലിലെ വ്യവസ്ഥകൾക്ക് കൂടുതൽ ശക്തി പകരുവാനുതകുന്ന നിർദ്ദേശങ്ങൾ നൽകിയ അംഗങ്ങളെ അഭിനന്ദിക്കുന്നു. തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല."

---

+.